പുളിക്കീഴ് പാലത്തിന്റെ പണി തുടങ്ങിയപ്പോൾ തൊഴിൽ തർക്കവും മറ്റ് ചില പ്രശ്നങ്ങളുംമൂലം പണി നിർത്തിവയ്ക്കേണ്ടി വന്നു. പിന്നീട് ഡീവിയേഷൻ റോഡിന്റെ പണി പൂർത്തീകരിച്ച് നിലവിലുള്ള പാലം പൊളിച്ച് പുതിയ പാലത്തിന്റെ പണി ആരംഭിക്കുകയും ചെയ്തു. തോടിന് കുറുകെയുള്ള ബണ്ട് നിർമ്മാണവും പൂർത്തിയായി. ഫൗണ്ടേഷൻ നിർമ്മാണത്തിനുവേണ്ടി വെള്ളം വറ്റിക്കുന്നതിനുള്ള പണി നടന്നുവരുന്നു. നെടുമുടി-കരുവാറ്റാ റോഡിന്റെ നിർമ്മാണം പുരോഗമിക്കുന്നു. ഡാണാപ്പടി പഴയപാലം പണി ഉടനെ ആരംഭിക്കുന്നതാണ്. ചെറുതനക്കടവ് കാർട്ടബിൾ ബ്രിഡ്ജിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി. ഡിസൈൻ പൂർത്തീകരിച്ചശേഷം പണി ടെൻഡർ ചെയ്യുന്നതാണ്. തോട്ടപ്പള്ളി-തൃക്കുന്നപ്പുഴ റോഡിന്റെ വീതി കൂട്ടൽ, ഹരിപ്പാട്-ഇലഞ്ഞിമേൽ റോഡ്, കുമാരകോടിപ്പാലം എന്നിവയ്ക്ക് ഭരണാനുമതി നൽകുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. ഹരിപ്പാട്-വീയപുരം റോഡിലെ പായിപ്പാട് പാലം മുതൽ വീയപുരം പാലംവരെയുള്ള പ്രവൃത്തിക്ക് 84 ലക്ഷത്തിന്റെ ഭരണാനുമതി നൽകി ടെൻഡർ വിളിച്ചിരിക്കുകയാണ്. കരുവാറ്റാ-നെടുമുടി റോഡിൽ ലീഡിംഗ് ചാനലിന് കുറുകെയുള്ള മുതലക്കുറിച്ചി പാലത്തിന് ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ വകുപ്പ് തയ്യാറാക്കി വരുന്നതേയുള്ളൂ. ഹരിപ്പാട് കോർട്ട് കോംപ്ലക്സിന്റെ ഡിസൈൻ കേരള മുനിസിപ്പൽ ബിൽഡിംഗ് റൂളുകൾ അനുസരിച്ചല്ലാത്തതിനാൽ അതിന് വിധേയമാക്കി പരിഷ്ക്കരിക്കാൻ നടപടിയെടുത്തു വരുന്നു. ഹരിപ്പാട് മിനി സിവിൽസ്റ്റേഷൻ പ്രവൃത്തിയുടെ റീടെൻഡർ 29-6-2010-ൽ ക്ഷണിച്ചിട്ടുണ്ട്. ഇതിന്റെ ഫിനാൻഷ്യൽ ബിഡ് 21-7-2010-ൽ തുറന്നതിനുശേഷം അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(6) സുഭിക്ഷ പദ്ധതി വിപുലീകരണം

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : സർ, കേന്ദ്ര ഗവൺമെന്റ് ദാരിദ്ര്യ ലഘൂകരണ പദ്ധതി പ്രകാരം സ്ത്രീകൾക്ക് സ്വയംതൊഴിൽ കൊടുക്കുന്ന കേരളത്തിലെ പ്രധാനപ്പെട്ട പ്രോജക്ടാണ് പേരാമ്പ്ര സുഭിക്ഷ. 700-ഓളം സ്ത്രീകൾ വിവിധ പഞ്ചായത്തുകളിലായി ആ മേഖലയിൽ തൊഴിൽ എടുക്കുന്നുണ്ട്. നാളികേരത്തിൽനിന്ന് 40-ഓളം മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിച്ച് നല്ല രീതിയിൽ വിപണനം നടത്തിവരുന്ന ഒരു സ്ഥാപനമാണ് ഇത്. ടൂറിസം വകുപ്പ് നബാർഡിന്റെ സഹായത്തോടെ സുഭിക്ഷയുടെ വിപുലീകരണത്തിന് ഒരു പദ്ധതി തയ്യാറാക്കി നടപ്പാക്കുമെന്ന് ടൂറിസം വകുപ്പ് പ്രസിദ്ധീകരിച്ച കൈപുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഇന്നേവരെ ഒരു സഹായവും കിട്ടിയിട്ടില്ല. അതുകൊണ്ട് ടൂറിസം വകുപ്പ് മുഖേന സുഭിക്ഷ ഉൽപ്പന്നങ്ങൾ വിപണനം നടത്താൻ സഹായം ചെയ്യണമെന്ന് അന്ന് അറിയിച്ചിരുന്നു. സുഭിക്ഷയുടെ വിപുലീകരണത്തിന് പദ്ധതി തയ്യാറാക്കി സഹായിക്കാൻ തയ്യാറാകണമെന്നുള്ളതാണ് എന്റെ ആവശ്യം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, ദാരിദ്ര്യ

LIBRARY ARCHIVES Kerala Legislative Assembly

ലഘൂകരണ പദ്ധതി പ്രകാരം സ്ത്രീകൾക്ക് സ്വയം തൊഴിൽ കൊടുക്കുന്ന കേരളത്തിലെ ഒരു പ്രധാനപ്പെട്ട പ്രോജക്ടാണ് ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്ററുടെ നിയോജക മണ്ഡലമായ പേരാമ്പ്രയിലെ സുഭിക്ഷ പദ്ധതി. അദ്ദേഹം ഇവിടെ സൂചിപ്പിച്ചത് ശരിയാണ്. ഈ സുഭിക്ഷ പദ്ധതിയുടെ വിപുലീകരണത്തിന് ഒരു പദ്ധതി തയ്യാറാക്കി നടപ്പാക്കുമെന്ന് ടൂറിസം വകുപ്പ് പറഞ്ഞിട്ടുണ്ട്. അതിന്റെ ഭാഗമായിട്ട് വിപുലീകൃതമായ ഒരു പദ്ധതി 508.78 ലക്ഷം രൂപയ്ക്ക് തത്വത്തിലുള്ള ഭരണാനുമതി നൽകി നബാഡിന്റെ കൂടി ധനസഹായത്തിനുവേണ്ടി സമർപ്പിച്ചു. ആ ധനസഹായം കിട്ടാത്തതാണ് കാലതാമസം ഉണ്ടാക്കിയത്. അങ്ങ് പറഞ്ഞ കാര്യങ്ങൾ പ്രത്യേകം പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(7) അന്ധരുടെയും മറ്റ് വികലാംഗരുടെയും നിയമനം

മി. സ്പീക്കർ : ഈ വിഷയം സംബന്ധിച്ച് ശ്രീ. പി. സി. വിഷ്ണുനാഥും ഒരു സബ്മിഷന് നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. പി. വിശ്വൻ : സർ, കേരളത്തിലെ കാഴ്ച്ചയില്ലാത്തവരുടെ സർവ്വതോന്മുഖമായ ക്ഷേമവുമായി ബന്ധപ്പെട്ട ഒരു വിഷയമാണിത്. വികലാംഗരുമായി ബന്ധപ്പെട്ട ഒരു പ്രശ്നമാണ്. വികലാംഗ സംരക്ഷണ നിയമം പാർലമെന്റിൽ 1994-ൽ പാസാക്കി. 1998-ൽ സഖാവ് നായനാർ തന്നെ മുൻകയ്യെടുത്ത് 3% സംവരണം സ്പെഷ്യൽ റിക്രൂട്ട്മെന്റൊക്കെയാക്കി. 2004 ജനുവരി 1 മുതൽ കാഴ്ച്ചയില്ലാത്തവരുടെയും മറ്റ് വികലാംഗരുടെയും തൊഴിൽ നിയമനം കെ.പി.എസ്.സി.യ്ക്ക് വിട്ടുകൊണ്ട് സർക്കാർ ഉത്തരവായി. അവർക്ക് ലഭിക്കേണ്ട ബാക്ക്ലോഗ് 1650 ആയി കണക്കാക്കി. എന്നാൽ ജില്ലയിൽ നിന്നും റിപ്പോർട്ട് ചെയ്യുന്നില്ല. വിളിച്ചാൽ തന്നെ അവരെ അവഹേളിക്കുകയാണ്. നിങ്ങൾക്ക് കൈയ്യില്ലലോ, കാലില്ലല്ലോ, കണ്ണില്ലലോ എന്നൊക്കെ പറഞ്ഞുകൊണ്ട് അവരെ അവഹേളിക്കുകയാണ് പല ഉദ്യോഗസ്ഥരും ചെയ്യുന്നത്. അവർക്ക് 3% സംവരണമായിവച്ചശേഷം, അവരെ നോക്കി നിങ്ങൾ കണ്ണില്ലാത്തവരല്ലേ, നിങ്ങൾ കാലില്ലാത്തവരല്ലേ എന്ന് പറഞ്ഞ് അവഹേളിക്കുകയാണ്. പ്രശ്നം വളരെ സീരിയസാണ്. മേലോട്ട് കൊടുക്കാൻ തയ്യാറാകാതെ വരിക. എനിക്ക് ഇവിടെ പറയാനായിട്ടുള്ളത് അവർ സെക്രട്ടേറിയറ്റിന്റെ മുമ്പിൽ സമരരംഗത്താണ്. പഴയ ഉത്തരവ് ലംഘിച്ചുകൊണ്ട് നടപടിയുണ്ടാകാൻ പാടില്ലായെന്ന് പറഞ്ഞുകൊണ്ട് കാഴ്ച്ചയില്ലാത്തവർ 19-ാം തീയതി മുതൽ സെക്രട്ടേറിയറ്റ് പടിക്കൽ അനിശ്ചിതകാല നിരാഹാര സമരം ആരംഭിച്ചിട്ടുണ്ട്. ഈ പ്രശ്നത്തിൽ ഇടപെട്ട് പരിഹാരം കാണാൻ സർക്കാർ മുന്നോട്ടുവരണം എന്നാണ് എന്റെ അഭ്യർത്ഥന.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) : സർ, വികലാംഗ സംവരണം ഏറ്റവും കാര്യക്ഷമമായി നടപ്പാക്കിയത് ഈ സർക്കാരിന്റെ കാലത്താണ്. വികലാംഗർക്ക് അർഹമായ സംവരണം ഉറപ്പുവരുത്തുന്നതിന് ക്ളാസ് 1, 2

LIBRARY ARCHIVES Kerala Legislative Assembly